വിളവെടുപ്പ് കാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായ ന്യായവില നൽകി ഈ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾ നേരിട്ട് സംഭരിച്ചുവരുന്നു. ഓരോ വർഷവും വിപണിയിൽ നിലവിലുള്ള സാഹചര്യങ്ങൾ പഠനവിധേയമാക്കി സർക്കാർ കാർഷികോല്പന്നങ്ങളുടെ സംഭരണ വിലയും വിപണിയിടപെടൽ നിരക്കും പുതുക്കി നിശ്ചയിക്കാറുണ്ട്.

(ഡി) ഇല്ല.

സർക്കാർ സർവ്വീസിലെ അധിക ജീവനക്കാരെ സംബന്ധിച്ച്

194 (534) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനവകുപ്പിന്റെ പരിശോധനയിൽ, സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരായി കണ്ടെത്തപ്പെട്ടവർ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അധിക ജീവനക്കാരെ കണ്ടെത്തിയതെന്ന് വിശദമാക്കാമോ ;

(സി) ലക്ഷ്യം പൂർത്തിയായതിനാലും പദ്ധതി നിർത്തിയതിനാലും തൊഴിൽ ഇല്ലാതായവർ എത്ര ; ഡെപ്യൂട്ടേഷനിൽ ഉള്ളവർ എത്ര ;

(ഡി) അധിക തസ്തികകളിൽ ഉള്ള ജീവനക്കാരുടെകാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ധനകാര്യവകുപ്പിന്റെ പരിശോധനയിൽ സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരെ കണ്ടെത്താനായിട്ടില്ല.

(ബി-ഡി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly